# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3738** **20.06.2019 - ൽ മറുപടിക്ക്.**

## അവശ്യ സാധനങ്ങളുടെ ലഭ്യതയിൽ കുറവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റേഷൻകടകളിൽ പഞ്ചസാരയുൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ടോ; | (എ) | 2016-2017 സാമ്പത്തിക വർഷം വരെ കേന്ദ്രത്തിൽ നിന്ന് പ്രതിമാസം 4103 MT പഞ്ചസാരയ്ക്കാണ് സബ്സിഡി ലഭ്യമായത്. ഇത് ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന എ.എ.വൈ / മുൻഗണനാ വിഭാഗങ്ങൾക്ക് പഞ്ചസാര വിതരണം നടത്തിയിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വന്നതോടുകൂടി പഞ്ചസാരയ്ക്കുള്ള സബ്സിഡി എ.എ.വൈ വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തുകയും എ.എ.വൈ വിഭാഗത്തിന് പ്രതിമാസം കാർഡൊന്നിന് 21/- രൂപ / കിലോഗ്രാം നിരക്കിൽ വിതരണം നടത്തിവരുകയും ചെയ്യുന്നു. 595.8 MT പഞ്ചസാരയ്ക്കാണ് നിലവിൽ സബ്സിഡി ലഭ്യമാകുന്നത്.<br>റേഷൻ കടകളിൽ കൂടി വിതരണം ചെയ്യുന്ന അരി, ഗോതമ്പ് എന്നിവയ്ക്ക് 2016-ൽ NFSA നടപ്പിലാക്കിയപ്പോൾ ലഭിച്ച വിഹിതം ഇപ്പോഴും തുടർന്നു വരുന്നു. |
| (ബി) | സപ്ലൈകോ അവശ്യസാധനങ്ങളുടെ സപ്ലയർമാർക്ക് വില നൽകുന്നതിൽ വലിയ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; | (ബി) | സാമ്പത്തിക പ്രതിസന്ധിയുള്ളതിനാൽ അവശ്യസാധനങ്ങളുടെ സപ്ലയർമാർക്ക് വില നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ട്. |
| (സി) | പഞ്ചസാരയുൾപ്പെടെയുള്ള അവശ്യസാധനങ്ങൾ പൂർണ്ണമായ അളവിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | മുൻഗണനാ വിഭാഗത്തിന് കൂടി പഞ്ചസാര ലഭിക്കുന്നത് സംബന്ധിച്ച ശുപാർശ സമർപ്പിച്ചിട്ടുണ്ടെങ്കിലും, കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല തീരുമാനമുണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**